കേരള സർക്കാർ

## സംഗ്രഹം

പൊതുമരാമത്ത് വകുപ്പ് - കോഴിക്കോട് ജില്ലയിലെ നാദാപുരം മണ്ഡലത്തിലെ SH 38-PUKC km 48/000 മുതൽ 66/480 വരെ (51/500 നം 66/480 നം ഇടയിലുള്ള വർക്കിംഗ് ചെയിനേജ്) മെച്ചപ്പെടുത്തുന്ന പ്രവൃത്തിയുടെ ടെണ്ടർ അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുമരാമത്ത് (പിഎസ്) വകുപ്പ്

സ.ഉ.(കൈ) നം.34/2025/PWD തിരുവനന്തപുരം, തീയതി,17-05-2025

---

പരാമർശം:-
1. സ.ഉ(പി) നം.16/2017/ധന തീയതി, 06.02.2017
2. സ.ഉ(സാധാ)നം.796/2020/പിഡബ്ല്യുഡി തീയതി 30.09.2020
3. സ.ഉ(സാധാ)നം.706/2023/പിഡബ്ല്യുഡി തീയതി 01.06.2023
4. പൊതുമരാമത്ത് നിരത്തു വിഭാഗം ചീഫ് എഞ്ചിനീയറുടെ 29.07.2024, 24.02.2025 എന്നീ തീയതികളിലെ CEPWD/2770/2024-C2(W) - RD നം കത്ത്

## ഉത്തരവ്

കോഴിക്കോട് ജില്ലയിലെ നാദാപുരം മണ്ഡലത്തിലെ SH 38-PUKC km 48/000 മുതൽ 66/480 വരെ (51/500 നം 66/480 നം ഇടയിലുള്ള വർക്കിംഗ് ചെയിനേജ്) മെച്ചപ്പെടുത്തുന്ന പ്രവൃത്തിയുമായി ബന്ധപ്പെട്ട ടെൻഡറിന് അംഗീകാരം നൽകണമെന്ന് പരാമർശം (4) പ്രകാരം പൊതുമരാമത്ത് നിരത്തുവിഭാഗം ചീഫ് എഞ്ചിനീയർ അഭ്യർത്ഥിക്കുകയുണ്ടായി.

2) പരാമർശം (2)ലെ സർക്കാർ ഉത്തരവ് പ്രകാരം, ₹ 600 ലക്ഷം രൂപയ്ക്ക് SH 38-PUKC km 48/000 മുതൽ 66/480 വരെ മെച്ചപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തിക്ക് ഭരണാനുമതിയും, പരാമർശം (3) ലെ സർക്കാർ ഉത്തരവ് പ്രകാരം മേൽ പ്രവൃത്തിക്ക് പുതുക്കിയ ഭരണാനുമതിയും നൽകുകയും അതിനു ശേഷം സാങ്കേതിക അനുമതി നൽകുകയും ചെയ്തു. കോഴിക്കോട് നോർത്ത് സർക്കിളിലെ സൂപ്രണ്ടിംഗ് എഞ്ചിനീയർ 4 തവണ ഈ പ്രവൃത്തി ടെൻഡർ ചെയ്യുകയുണ്ടായി. ആദ്യ മൂന്ന് ടെണ്ടറുകളിലും മെച്ചപ്പെട്ട പ്രതികരണം ഉണ്ടായില്ല. നാലാമത്തെ ടെണ്ടറിൽ രണ്ട് ബിഡുകൾ ലഭിക്കുകയുണ്ടായി. പ്രസ്തുത ബിഡിൽ, M/s. ഊരാളുങ്കൽ ലേബർ

കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് കുറഞ്ഞ തുകയായ 7,73,66,270/- (ഏഴ് കോടി എഴുപത്തി മൂന്ന ലക്ഷത്തി അറുപത്തി ആറായിരത്തി ഇരുന്നൂറ്റി എഴുപതു രൂപാ മാത്രം) ക്വാട്ട് ചെയ്യുകയുണ്ടായി. എന്നാൽ പ്രസ്തുത തുക എസ്റ്റിമേറ്റ് തുകയേക്കാൾ 14.47% കൂടുതൽ ആയിരുന്നു.

3) നിലവിലുള്ള റോഡിന്റെ ശോചനീയാവസ്ഥയും, മെച്ചപ്പെട്ട ഓഫർ ലഭ്യമല്ലാത്തതും കണക്കിലെടുത്ത്, കുറഞ്ഞ തുകയായ 7,73,66,270/- (ഏഴ് കോടി എഴുപത്തി മൂന്ന ലക്ഷത്തി അറുപത്തി ആറായിരത്തി ഇരുന്നൂറ്റി എഴുപതു രൂപാ മാത്രം) ക്വാട്ട് ചെയ്ത M/s. ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡിന്, EPAC യെക്കാൾ 14.47 ശതമാനം ഉയർന്ന നിരക്കിൽ ആയ കരാർ അംഗീകരിച്ച് നല്കുന്നതിന് ചീഫ് എഞ്ചിനീയർ ശിപാർശ ചെയ്യുകയുണ്ടായി. കൂടാതെ നാലു തവണ ടെണ്ടർ ചെയ്തിട്ടും മെച്ചപ്പെട്ട ലേല തുക ലഭിച്ചില്ലായെന്നും വീണ്ടും ടെണ്ടർ ചെയ്താലും മികച്ച പ്രതികരണം ലഭിക്കാൻ സാധ്യത ഇല്ലായെന്നും പൊതുമരാമത്ത് നിരത്തു വിഭാഗം ചീഫ് എഞ്ചിനീയർ അറിയിക്കുകയുണ്ടായി.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോഴിക്കോട് ജില്ലയിലെ " SH 38-PUKC km 48/000 മുതൽ 66/480 വരെയുള്ള (51/500 നും 66/480 നും ഇടയിലുള്ള വർക്കിംഗ് ചെയിനേജ്) റോഡിന്റെ പ്രവൃത്തിയുമായി ബന്ധപ്പെട്ട് M/s. ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് ക്വോട്ട് ചെയ്ത തുകയായ 7,73,66,270/- രൂപ (ഏഴ് കോടി എഴുപത്തി മൂന്ന ലക്ഷത്തി അറുപത്തി ആറായിരത്തി ഇരുന്നൂറ്റി എഴുപതു രൂപാ മാത്രം) എസ്റ്റിമേറ്റ് തുകയേക്കാൾ 14.47% കൂടുതൽ ആയ സാഹചര്യത്തിൽ പരാമർശം (1) ലെ വ്യവസ്ഥകൾ പ്രകാരമുള്ള "ടെണ്ടറിൽ ലഭിച്ച നിരക്ക് / പ്രാദേശിക വിപണി നിരക്ക് അല്ലെങ്കിൽ ഡി.എസ്.ആർ നോട് 10% കൂട്ടിച്ചേർത്ത നിരക്ക് ഇതിൽ ഏതാണോ കുറവ് അതായിരിക്കും അനുവദനീയമായ പരമാവധി ടെണ്ടർ എക്സസ്" എന്നുള്ള വ്യവസ്ഥയിൽ ഇളവ് വരുത്തി, ടെൻഡർ അംഗീകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

കെ ബിജു ഐ എ എസ്

സെക്രട്ടറി

ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് (നിരത്തുവിഭാഗം), തിരുവനന്തപുരം

പ്രിൻസിപ്പൽ അകൗണ്ടന്റ് ജനറൽ (എ&ഇ)/ആഡിറ്റ്),തിരുവനന്തപുരം

എക്സിക്യൂട്ടീവ് എഞ്ചിനീയർ നിരത്ത് വിഭാഗം ,കോഴിക്കോട്.

ധനകാര്യ (ഇൻഡസ്ട്രീസ് & പി.ഡബ്ല്യ) വകുപ്പ്(I&PW/B1/57/2023-Fin dated,

07/01/2025)

പൊതുഭരണ (എസ് .സി ) വകുപ്പ്

വെബ് & ന്യൂ മീഡിയ (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

കരുതൽ ഫയൽ (പിഎസ്.2/222/2024/പൊ.മ.വ)

അംഗീകാരത്തോടെ
Signed by
Aneesh S
Date: 19-05-2025 10:02:32
സെക്ഷൻ ഓഫീസർ.

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 15-05-2025**

ഫയൽ നം. പി.എസ്.2/222/2024/പൊ.മ.വ. ഇനം നം: 2949

വിഷയം : പൊതുമരാമത്ത് വകുപ്പ് - കോഴിക്കോട് ജില്ലയിലെ നാദാപുരം മണ്ഡലത്തിലെ SH.38 -PUKC KM 48/000 മുതൽ 66/480 വരെ (51/500-നും 66/480-നും ഇടയിലുള്ള വർക്കിംഗ് ചെയിനേജ്) മെച്ചപ്പെടുത്തുന്നത് - ടെണ്ടർ അംഗീകരിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്.

# കേരള സർക്കാർ

## (ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | | പി.എസ്2/222/2024/പൊ.മ.വ |
| 2. | വകുപ്പ് | : | പൊതുമരാമത്ത് (പി.എസ്) വകുപ്പ് |
| 3. | വിഷയം | : | കോഴിക്കോട് ജില്ലയിലെ നാദാപുരം മണ്ഡലത്തിലെ SH.38-PUKC KM 48/000 മുതൽ 66/480 വരെ (51/500 നും 66/480 നും ഇടയിലുള്ള വർക്കിംഗ് ചെയിനേജ്) മെച്ചപ്പെടുത്തുന്നത്- ടെണ്ടർ അംഗീകരിക്കുന്നത് സംബന്ധിച്ച് |
| 4. | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 08.04.2025 |
| 5 | 1) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ; 2)സാമ്പത്തികബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | അതെ<br>ഉണ്ട് |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീമതി.എ.മുംതാസ് ബീഗം |
| 8 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ശ്രീ.കെ.ബിജു |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 28.04.2025 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ.എ.ജയതിലക് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 09.05.2025 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. പി.എ.മുഹമ്മദ് റിയാസ് |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 09.05.2025 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 12.05.2025 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പരും തീയതിയും | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

കോഴിക്കോട് ജില്ലയിലെ നാദാപുരം മണ്ഡലത്തിലെ SH 38-PUKC km 48/000 മുതൽ 66/480 വരെ (51/500 നും 66/480 നും ഇടയിലുള്ള വർക്കിംഗ് ചെയിനേജ്) മെച്ചപ്പെടുത്തുന്ന പ്രവൃത്തിയുമായി ബന്ധപ്പെട്ട ടെൻഡറിന്റെ അംഗീകാരം സംബന്ധിച്ചാണ് ഈ കുറിപ്പ് .

2) 30.09.2020 തീയതിയിലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 796/2020/പിഡബ്ല്യുഡി പ്രകാരം, ₹ 600 ലക്ഷം രൂപയ്ക്ക് SH 38-PUKC km 48/000 മുതൽ 66/480 വരെ മെച്ചപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തിക്ക് ഭരണാനുമതിയും, 01.06.2023 ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 706/2023/പിഡബ്ല്യുഡി പ്രകാരം, ₹ 797.60 ലക്ഷം രൂപയ്ക്ക് SH 38-PUKC km 48/000 മുതൽ 66/480 വരെ (51/500 നും 66/480 നും ഇടയിലുള്ള വർക്കിംഗ് ചെയിനേജ്) മെച്ചപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട മേൽ പ്രവൃത്തിക്ക് പുതുക്കിയ ഭരണാനുമതിയും നൽകുകയും അതിനു ശേഷം സാങ്കേതിക അനുമതി നൽകുകയും ചെയ്തു. കോഴിക്കോട് നോർത്ത് സർക്കിളിലെ സൂപ്രണ്ടിംഗ് എഞ്ചിനീയർ 4 തവണ ഈ പ്രവൃത്തി ടെൻഡർ ചെയ്തു. ആദ്യ ടെൻഡറിൽ ഒരു ബിഡ് ലഭിച്ചുവെങ്കിലും ആയത് നിരസിക്കപ്പെട്ടു. രണ്ടാമത്തെ ലേലത്തിൽ രണ്ട് ബിഡുകൾ ലഭിച്ചെങ്കിലും, PQ പരിശോധനയിൽ രണ്ട് ബിഡ്ഡർമാരും അയോഗ്യരായി. തുടർന്ന് അയോഗ്യരായ ബിഡ്ഡർമാരിൽ ഒരാൾ അയോഗ്യതയ്ക്കെതിരെ ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിക്കുകയുണ്ടായി. അതിനുശേഷം പ്രസ്തുത കേസിലെ അന്തിമ വിധി പ്രകാരം മൂന്നാം തവണയും പ്രവൃത്തി വീണ്ടും ടെൻഡർ ചെയ്തപ്പോൾ ഒരു ബിഡ് മാത്രമേ ലഭിച്ചുള്ളൂ. മൂന്നാമത്തെ ടെൻഡറിൽ ക്വാട്ട് ചെയ്ത തുക അനുവദനീയമായ തുകയേക്കാൾ ഉയർന്നതായതിനാലും, കരാറുകാരൻ

തുക കുറയ്ക്കാൻ തയ്യാറാകാത്തതിനാലും മേൽ പ്രവൃത്തി വീണ്ടും ടെൻഡർ ചെയ്തു. നാലാമത്തെ ടെൻഡറിൽ 2 ബിഡുകൾ ലഭിച്ചു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു;

| No | Bidder | Estimate PAC | LMR PAC | Current Sor +10% | Quoted rate (%) | Quoted PAC |
|---|---|---|---|---|---|---|
| 1 | ULCCS Ltd | 67586790 | 83754467.67 23.92%> EPAC | 73266547 8.40%> EPAC | 14.47%> EPAC | 77366270 |
| 2 | K M Ganeshan | | | | 40%>EPAC | 94621033.28 |

From the above facts;

**The Estimate PAC is Rs.6,75,86,790/-**

**Current SoR+10%=Rs.73266547/-(8.40% above EPAC)**

**LMR amount = Rs.83754467.67(23.92% above EPAC)**

**Quoted Amount:Rs.77366270/-(14.47% above EPAC) which is greater than the least limit of Current SOR+10%**

3) നിലവിലുള്ള റോഡിന്റെ ശോചനീയാവസ്ഥയും, മെച്ചപ്പെട്ട ഓഫർ ലഭ്യമല്ലാത്തതും കണക്കിലെടുത്ത്, കുറഞ്ഞ തുകയായ 7,73,66,270/- (ഏഴു കോടി എഴുപത്തി മൂന്നു ലക്ഷത്തി അറുപത്തി ആറായിരത്തി ഇരുന്നൂറ്റി എഴുപതു രൂപാ മാത്രം) ക്വാട്ട് ചെയ്ത എം/എസ് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡിന് കരാർ അംഗീകരിച്ച് നല്കണമെന്ന് ചീഫ്

എഞ്ചിനീയർ അഭ്യർത്ഥിക്കുകയുണ്ടായി. പ്രസ്തുത തുക EPAC യെക്കാൾ 14.47 ശതമാനം ഉയർന്ന നിരക്കിൽ ആണെന്നും, കൂടാതെ നാലു തവണ ടെണ്ടർ ചെയ്തിട്ടും മെച്ചപ്പെട്ട ലേല തുക ലഭിക്കാത്തതിനാലും വീണ്ടും ടെണ്ടർ ചെയ്താലും മികച്ച പ്രതികരണം ലഭിക്കാൻ സാധ്യത ഇല്ലായെന്നും ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്.

4) മുകളിൽ പറഞ്ഞ വിഷയത്തിൽ ധനകാര്യ വകുപ്പ് ഇപ്രകാരം അഭിപ്രായപ്പെട്ടു;

"In case Administrative Department is of the opinion that no better response is expected even on recall, Administrative Department is advised to submit the proposal for sanction of the tender in favour of M/s Uralungal Labour Contract Co-operative Society Ltd, Madappally College (PO), Vatakara (Via), Kozhikode at their quoted rate of Rs.7,73,66,270/- which is 14.47 % above EPAC before the Council of Ministers with valid justification."

5) SH38 ലെ PUKC റോഡ് സംസ്ഥാനത്തെ ഒരു പ്രധാന റോഡാണ്. എന്നാൽ റോഡിന്റെ അവസ്ഥ വളരെ ദയനീയമാണ്. റോഡിന്റെ അവസ്ഥ മെച്ചപ്പെടുത്തുന്നതിനായി 01.06.2023 ന് ഭരണാനുമതി നൽകുകയും നാല് തവണ പ്രവൃത്തിക്ക് ടെൻഡർ നൽകുകയും ചെയ്തു. ആദ്യ മൂന്ന് ടെൻഡറുകളിലും മികച്ച പ്രതികരണം ലഭിച്ചില്ല. എന്നാൽ നാലാമത്തെ ടെൻഡറിൽ രണ്ട് പങ്കാളികൾ പങ്കെടുക്കുകയും, എം/എസ് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് ടെൻഡറിൽ കുറഞ്ഞ തുക 7,73,66,270/- (ഏഴു കോടി എഴുപത്തി മൂന്നു ലക്ഷത്തി അറുപത്തി ആറായിരത്തി ഇരുന്നൂറ്റി എഴുപതു രൂപാ മാത്രം) നൽകുകയും ചെയ്തു. എന്നാൽ ഈ തുക ഇപിഎസി യേക്കാൾ 14.47% കൂടുതലാണ്. മാത്രമല്ല, തുടർ ടെണ്ടറുകളിലും മെച്ചപ്പെട്ട പ്രതികരണം പ്രതീക്ഷിക്കുന്നില്ല. അതിനാൽ പ്രസ്തുത പ്രവർത്തിക്കായി എം/എസ് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-

ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് ക്വാട്ട് ചെയ്ത തുക ഇപിഎസി യേക്കാൾ 14.47% കൂടുതലാണെങ്കിലും ടി ടെണ്ടർ തുകയ്ക്ക് ലേലം അംഗീകരിക്കാമോ എന്ന വിഷയത്തിൽ ഉത്തരവിനായി ഫയൽ ചംക്രമണം ചെയ്തപ്പോൾ ഇക്കാര്യം മന്ത്രിസഭയുടെ മുൻപാകെ സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി.

## തീരുമാനിക്കേണ്ട വിഷയം

കോഴിക്കോട് ജില്ലയിലെ " SH 38–PUKC km 48/000 മുതൽ 66/480 വരെയുള്ള (51/500 നും 66/480 നും ഇടയിലുള്ള വർക്കിംഗ് ചെയിനേജ്) റോഡിന്റെ പ്രവൃത്തിയുമായി ബന്ധപ്പെട്ട് എം/എസ് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് ക്വോട്ട് ചെയ്ത തുകയായ 7,73,66,270/- (ഏഴ് കോടി എഴുപത്തി മൂന്ന ലക്ഷത്തി അറുപത്തി ആറായിരത്തി ഇരുന്നൂറ്റി എഴുപതു രൂപാ മാത്രം) എസ്റ്റിമേറ്റ് തുകയേക്കാൾ 14.47% കൂടുതൽ ആയ സാഹചര്യത്തിൽ സർക്കാർ തലത്തിൽ ടെണ്ടർ അംഗീകരിക്കണമെന്നാവശ്യപ്പെട്ട് പൊതുമരാമത്ത് നിരത്തു വിഭാഗം ചീഫ് എഞ്ചിനീയർ സമർപ്പിച്ച അപേക്ഷ 06.02.2017 ലെ സ.ഉ(പി) നം.16/2017/ധന - ലെ വ്യവസ്ഥകൾ പ്രകാരമുള്ള "ടെണ്ടറിൽ ലഭിച്ച നിരക്ക് / പ്രാദേശിക വിപണി നിരക്ക് അല്ലെങ്കിൽ ഡി.എസ്.ആർ നോട് 10% കൂട്ടിച്ചേർത്ത നിരക്ക് ഇതിൽ ഏതാണോ കുറവ് അതായിരിക്കും അനുവദനീയമായ പരമാവധി ടെണ്ടർ എക്സസ്" എന്നുള്ള വ്യവസ്ഥയിൽ ഇളവ് വരുത്തി ടെണ്ടർ അംഗീകരിക്കാമോ?